# ഇടശ്ശേരി എന്ന ഇച്ഛാശക്തി

ആലങ്കോട് ലീലാകൃഷ്ണൻ

ഫ്രഡറിക് നീഷേയുടെ തത്വചിന്തകൾ വിശദീകരിക്കുന്നതിനിടയിൽ വിൽഡ്യുറാന്റ് ഒരിക്കൽ ഇങ്ങനെ എഴുതുകയുണ്ടായി.

"തിരഞ്ഞെടുക്കലിന്റേയും സമരത്തിന്റെയും അതിജീവനത്തിന്റേയും പ്രക്രിയയിൽ എപ്പോഴും ഒഴിവാക്കാനാവാത്ത ഘടകമാണ് തിന്മ. ക്രൂരതയും തിന്മയും നിലനില്ക്കുമ്പോഴേ അതിനെ ഉല്ലംഘിയ്ക്കുവാനുള്ള കർമശേഷി മനുഷ്യരിൽ ഉത്പാദിപ്പിക്കപ്പെടുകയുള്ളു. ഹിംസയുടേയും നിഷ്ഠുരതയുടേയും അപകടത്തിന്റേയും സമയത്തു മാത്രമേ മഹാവ്യക്തികൾ പ്രത്യക്ഷപ്പെടുകയുള്ളു. മനുഷ്യന്റെ ഏറ്റവും മഹത്തരമായ ഗുണവിശേഷം ഇച്ഛാശക്തിയാണ്."

നിഷേയെപ്പോലുള്ള ഒരു മനുഷ്യ വിദ്വേഷിയുടെ ക്രൗര്യാരാധനയെ വിശദമാക്കാനാണ് വിൽഡ്യുറാന്റ് ഇപ്രകാരം പറഞ്ഞതെങ്കിലും അതിൽ മനുഷ്യസംസ്കാരത്തെ സംബന്ധിച്ചുള്ള ഏറ്റവും പ്രാഥമികമായ ഒരു സത്യം അന്തർഭവിച്ചിരിക്കുന്നു. ക്രൗര്യവും തിന്മയും മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാനപ്രേരണകളാണെന്നും വിവേചനപൂർണമായ വിവേകവും ഇച്ഛാശക്തിയുമാണ് മനുഷ്യനെ മനുഷ്യത്വത്തിന്റെ ഉത്തമ സംസ്കാരത്തിലേക്കു നയിക്കുന്നതെന്നും ഉള്ള തിരിച്ചറിവാണത്. ഈ സത്യത്തെ സമചിത്തതയോടെ തിരിച്ചറിയുകയും മനുഷ്യന്റെ അബോധപൂർവമായ ഹിംസോന്മുഖതയെ നന്മനിറഞ്ഞ ഇച്ഛാശക്തികൊണ്ട് അതിലംഘിയ്ക്കുകയും ചെയ്ത മഹാത്മാക്കളാണ് ചരിത്രത്തിൽ എക്കാലത്തും മനുഷ്യത്വത്തിന്റെ സമനില സാധ്യമാക്കിയിട്ടുള്ളത്. അതിൽ ലോകോത്തര ചിന്തകരും എഴുത്തുകാരും ഉൾപ്പെടുന്നു. നമ്മുടെ ഭാഷയിൽ ഇച്ഛാശക്തിയെ ഈ വിധം സർഗബലമാക്കിമാറ്റിയ എഴുത്തുകാരിൽ മുൻനിരയിൽ നില്ക്കുന്നത് മഹാകവി ഇടശ്ശേരി ഗോവിന്ദൻനായരാണ്. എല്ലാ അർഥത്തിലും വിവേകപൂർണ്ണമായ ഇച്ഛാശക്തിയുടെ കവിയായിരുന്നു ഇടശ്ശേരി. മനുഷ്യസ്വഭാവം കൂടുതൽ ഹിംസോന്മുഖമാവുകയും ക്രൗര്യം നിറഞ്ഞൊരു നവഫാസിസം നമ്മുടെ സാംസ്കാരിക പരിസരങ്ങളെ ഇരുട്ടിലാഴ്ത്തിത്തുടങ്ങുകയും ചെയ്യുന്ന സമകാലിക സാഹചര്യത്തിൽ ഇടശ്ശേരി കൂടുതൽ ജാഗ്രതയോടെ പുനർവായിയ്ക്കപ്പെടേണ്ടിയിരിക്കുന്നു. കാരണം ഇരുപതാംനൂറ്റാണ്ടിലെ മനുഷ്യനെ അവന്റെ സമസ്തശക്തിദൗർബല്യങ്ങളോടും കൂടി ദർശിച്ച കവിയായിരുന്നു ഇടശ്ശേരി. പ്രപഞ്ചക്രിയയിലെ നന്മതിന്മകളുടെ സ്വരസംഘാതത്തെ മുഴുവൻ തന്റെ സൃഷ്ട്യുന്മുഖതയുടെ സ്വരമാക്കിമാറ്റിയ ശക്തനായൊരു മനുഷ്യൻ ഇടശ്ശേരിക്കവിതകളിൽ എന്നും ഉയർന്നുനിന്നു. ആ മനുഷ്യൻ സുന്ദരനായിരുന്നു.

"മർത്ത്യൻസുന്ദരനാണു, കാരണമുയിർ
ക്കൊള്ളും വികാരങ്ങൾതൻ
നൃത്യത്തിന്നു മുതിർക്കുവാൻ സ്വയമണി-
ഞ്ഞിട്ടോരരങ്ങാണവൻ;
അത്യന്തം കമനീയമേ, മഹിതമാ-
യാലും മറിച്ചാകിലും
തൽഭാവങ്ങ,ളപൂർണമാണളവുകോ-
ലെന്നുള്ള കാലം വരെ"
(സൗന്ദര്യാരാധന)

ആപേക്ഷികതാ സിദ്ധാന്തത്തെ സൗന്ദര്യമാക്കി മാറ്റിക്കൊണ്ടുള്ള ഇത്തരമൊരു മനുഷ്യദർശനം ഈ നൂറ്റാണ്ടിൽ നമ്മുടെ ഭാഷയിലുണ്ടായ ഏറ്റവും മൗലികമായ സൗന്ദര്യദർശനങ്ങളിലൊന്നാണ്. പക്ഷേ, അതിലെ സമനിലയെ, ആപേക്ഷികത മുൻനിർത്തി, ഏതറ്റത്തേയ്ക്കു കൂടുതൽ അടുപ്പിച്ചാലും ദർശനം പ്രതിലോമ പരമാവും എന്നറിയേണ്ടതുണ്ട്. ഇടശ്ശേരിക്കവിതയെ പരിചരിക്കുമ്പോൾ ഇന്ന് നാം അതീവ ജാഗ്രതയോടെ തിരിച്ചറിയേണ്ടത് കവി സ്വയം നിഷ്കർഷിച്ച സമനിലയെയാണ്. ചരിത്രത്തിൽ സമനില പാലിച്ചുനിന്ന മഹാപുരുഷന്മാരെയെല്ലാം കഴിയുന്നിടത്തോളം പ്രതിലോമപരമായി പുനർവ്യാഖ്യാനിച്ചുകൊണ്ടാണ് മതാത്മകഫാസിസം ഇന്ന് നമുക്കിടയിൽ സാംസ്കാരികമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇടശ്ശേരിയിൽ അവരും സാധ്യതകളന്വേഷിച്ചുകൊണ്ടിരിയ്ക്കുന്നു എന്നതിന് നമുക്ക് സൂചനകൾ കിട്ടിത്തുടങ്ങിയിട്ടുണ്ട്.

"ഭക്തിയാം ചൂണ്ടലൊരിയ്ക്കൽ വിഴുങ്ങിയ
ഭാഗ്യഹീനന്നില്ല മുക്തി പിന്നെ" എന്ന ഇടശ്ശേരിയുടെ വരികൾ വ്യാഖ്യാനിച്ചുകൊണ്ട് (കവിത-പള്ളിച്ചൂണ്ടൽ) ഇടശ്ശേരി ഒരു വലിയ അനുഷ്ഠാനഭക്തനായിരുന്നു എന്ന് അടുത്തകാലത്ത് വിലയിരുത്തപ്പെട്ടത് ഓർമിയ്ക്കേണ്ടതാണ്. കവിതയുടെ പ്രകരണത്തിൽ നിന്ന് ഈവരികളെ അടർത്തിമാറ്റി, കവി ഉദ്ദേശിച്ചതിന്റെ വിപരീതാർത്ഥത്തിൽ വ്യാഖ്യാനിച്ചുകൊണ്ടാണ് തത്പരകക്ഷികൾ

ഇക്കാര്യം സാധിച്ചത്. ഈ നിലയ്ക്കു സമീപിച്ചാൽ, ഇടശ്ശേരിയുടെ തന്നെ "മാപ്പില്ല" എന്ന കവിതയിലെ "ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ പിന്നെയും പിന്നെയും നീ" എന്ന വരിയും, "പൂജാപുഷ്പം" എന്ന കവിതയിലെ "ക്രൂരതേ നീതാനത്രേ ശാശ്വതസത്യം" എന്ന വരിയും പ്രകരണത്തിൽ നിന്നടർത്തിയെടുത്ത്, നീഷേയുടേതിനേക്കാൾ ഭീകരമായ ക്രൗര്യാരാധനയുടെ വക്താവാക്കി മാറ്റി ഇടശ്ശേരിയെ വ്യാഖ്യാനിയ്ക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ദുർവ്യാഖ്യാനം ചെയ്തു ദുർബലപ്പെടുത്താവുന്നതല്ല ഇടശ്ശേരിയുടെ ഇച്ഛാശക്തി എന്നതിന് ചരിത്രത്തിൽ ഇടശ്ശേരിക്കവിത നടത്തിയ ധീരമായ നിരവധി ഇടപെടലുകൾ സാക്ഷ്യങ്ങളായുണ്ട്. അവയുടെ സത്യസന്ധമായ പുനർവായന ഇന്ന് കാലം നമ്മോടാവശ്യപ്പെടുന്ന സുപ്രധാനമായ സാംസ്കാരിക ദൗത്യങ്ങളിലൊന്നാണ്. അനന്തമായ മനുഷ്യേച്ഛയുടെ നൈതിക വിജയം ഉദ്ഘോഷിച്ചുകൊണ്ട് ഇടശ്ശേരിക്കവിത ചരിത്രത്തെ പുരോഗമനോന്മുഖമായി അടയാളപ്പെടുത്തിവെച്ചിരിക്കുന്നത് നമുക്കപ്പോൾ വായിയ്ക്കാം.

"അരിയില്ല, തിരിയില്ല ദുരിതമാണെന്നാലും
നരിതിന്നാൽ നന്നോ മനുഷ്യന്മാരെ?" എന്നാണ് "ബുദ്ധനും ഞാനും നരിയും" എന്ന കവിതയിൽ ഇടശ്ശേരി ചോദിക്കുന്നത്. തികഞ്ഞ ഗാന്ധിയനായിരുന്നിട്ടും ഒരു നാടകീയ പ്രതിസന്ധിയിൽ അദ്ദേഹം അഹിംസാമൂർത്തിയായ ബുദ്ധന്റെ പ്രതിമയെടുത്ത് നരിയെ തലയ്ക്കടിച്ചുകൊല്ലുകയും മനുഷ്യനെ രക്ഷിയ്ക്കുകയും ചെയ്യുന്നു. തണുപ്പുകൊണ്ട് മരവിച്ചു മരിയ്ക്കാറായ ഒരു ജീവന്മരണ പ്രതിസന്ധിയിൽ, ബുദ്ധന്റെ ദാരുവിഗ്രഹം കത്തിച്ച് സ്വജീവൻ രക്ഷിച്ച പഴയ സെൻബുദ്ധകഥയിലെ ബുദ്ധഭിക്ഷുവിനെ ഈ കവിത ഓർമി പ്പിക്കുന്നു. മരത്തിലെ ബുദ്ധനും ശിലയിലെ ബുദ്ധനും നശിച്ചുപോവുമെന്ന്, ആബുദ്ധഭിക്ഷുവിനെപ്പോലെ ഇടശ്ശേരിയും തിരിച്ചറിഞ്ഞിരുന്നു. ബാക്കിനിൽക്കേണ്ടത് ചരിത്രത്തിലെ ബുദ്ധന്റെ നൈതികതയാണ്.

"ബിംബിസാരന്റെ ഇടയൻ" എന്ന കവിതയിൽ ഈ ബുദ്ധദർശനം കുറേക്കൂടി അഗാധമായ ദർശനവ്യാപ്തി കൈവരിക്കുന്നുണ്ട്. മൃഗബലി തടഞ്ഞ പ്രവാചക ബുദ്ധനോട് ബലിയ്ക്ക് തെളിച്ചു കൊണ്ട് വന്ന ഇടയൻ ഇങ്ങിനെ പറയുന്നു.

"ശരിയ്ക്കുമാര്യ മഹർഷേ, താങ്കളെ-
യറിവോരീയജയൂഥങ്ങൾ
അവയിൽപ്പക്ഷേ തങ്ങുന്നീലാ
കൃതജ്ഞതാവചനോപായം."

വചനോപായങ്ങൾകൊണ്ട് സംരക്ഷിച്ചുനിർത്തേണ്ട ഒരു നൈതികതയല്ല ഗൗതമബുദ്ധന്റേത് എന്ന് ഈ കവി അടയാളപ്പെടുത്തുന്നു. വാക്കുകളും വിശ്വാസങ്ങളും മൂല്യങ്ങളും കേവലാശയങ്ങൾ മാത്രമായി ചുരുങ്ങിപ്പോവുമ്പോൾ കവിമനസ്സിന്റെ പ്രതിപ്രവർത്തനം കവിതയുടെ ആന്തരഘടനയിൽ സത്യമായ ഒരു ബുദ്ധനെ സൃഷ്ടിക്കുന്നു. ദൈവമില്ലാത്ത ധർമം മനുഷ്യ സമുദായത്തിന് സമ്മാനിച്ച പ്രവാചകനാണ് ഗൗതമ ബുദ്ധൻ എന്നും ഇവിടെ ഓർക്കേണ്ടതാണ്. ബുദ്ധന്റെ ആത്മീയത സനാതനത്വത്തെ ചോദ്യം ചെയ്യുന്നു. അതുകൊണ്ടുതന്നെ ചരിത്രത്തിന്റെ മുന്നേറ്റങ്ങളെയത്രയും അനുഗ്രഹിക്കുകയും ചെയ്യുന്നു. "ബുദ്ധ"വും "സംഘ"വും "ധർമ്മ"വും ശരണമാവുന്ന (ബൗദ്ധിക തലത്തിലും സംഘടനാതലത്തിലും ധാർമിക തലത്തിലും നൈതികത പുലർത്തുന്ന) ഒരു മാനുഷ്യകം ഇടശ്ശേരിയുടെ സ്വപ്നമാവുന്നുണ്ട്. അവിടെ ജഡബുദ്ധന്മാർ ഭൗതിക പ്രയോജനത്തിനുതകുന്ന ഉപകരണങ്ങൾ മാത്രമാണ്. കേവല ഭൗതികത മനുഷ്യന്റെ നൈതിക സമസ്യകളെ പൂരിപ്പിക്കുന്നില്ലെന്ന് കവി തിരിച്ചറിയുന്നു. മതാത്മകമായ ആത്മീയത മനുഷ്യന്റെ ആത്മീയ വിശപ്പുകളെ ശമിപ്പിക്കുന്നില്ലെന്നും. അസാധാരണവും ധീരവുമായ ഈ സമനിലയാണ് ഇടശ്ശേരിയുടെ ഇച്ഛാശക്തിയിലെ സത്യവും സൗന്ദര്യവും.

"അജ്ഞേയതയെ പേടിക്കുന്നൂ
ചിലർ, ചിലർ വാഴ്ത്തി നടക്കുന്നൂ;
പേടിപ്പോർ പകവെപ്പൂ, വാഴ്ത്തിന-
ടപ്പവർ നേടുന്നതിലാഭം."

(ബിംബിസാരന്റെ ഇടയൻ)

ഇവിടെ, സ്ഥാപനവല്ക്കരിക്കപ്പെട്ട മതങ്ങൾ ആത്മീയതയുടെ പേരിൽ കൊണ്ടുനടക്കുന്ന കാപട്യങ്ങളേയും സ്വാർഥലക്ഷ്യങ്ങളെയും കവി തുറന്നു കാട്ടുന്നു. തന്റെ ആത്മീയതയുടെ അർഥാന്തരങ്ങളെക്കുറിച്ച് ഇടശ്ശേരി ഒരിക്കൽ ഇപ്രകാരം തുറന്നെഴുതിയിട്ടുണ്ട്. "ഞാനൊരു ഈശ്വരവിശ്വാസിയാണ്. എങ്കിലും എന്നെ എന്നും അലട്ടിക്കൊണ്ടിരുന്ന വിശപ്പിനേയും സ്നേഹശൂന്യതയേയും പ്രതിപാദിക്കേണ്ടിവരുമ്പോൾ ആസ്തിക സാധാരണമായ വിനയവും തത്വശാസ്ത്രങ്ങളുടെ നേർക്കുവേണ്ട ബഹുമാനവും എന്നെ വിട്ടുപിരിയാറുണ്ട്. ഇതുകാരണം ഗാന്ധിയെപ്പിടിച്ച് ആണയിടാറുള്ള കവിയുടെ പല കവിതകളിലും ഗാന്ധിസത്തെ ധിക്കരിക്കുന്നതോ ആസ്തികതയെത്തന്നെ ചോദ്യം ചെയ്യുന്നതോ ആയ ആശയഗതികൾ ചിതറിക്കിടക്കുന്നതായി കാണാം."

(കവിത എന്റെ ജീവിതത്തിൽ)
നിസ്വതയിങ്കൽ കർമഫലത്താൽ വീണ്ടും
കീറലുടുപ്പിക്കൂ
നിസ്വതയിങ്കൽ കർമഫലത്താൽ വീണ്ടും
കേഴലുദിപ്പിക്കൂ.
നിസ്വത നിലനിർത്താനായുള്ളൊരു
തത്ത്വജ്ഞാനമുയർത്തുമ്പോൾ
മർത്ത്യനെ വാരിപ്പുണരാൻ വെമ്പും
മർത്ത്യനതിന്മേൽ തുപ്പുന്നു"

എന്ന് "ചകിരിക്കുഴിക"ളിൽ എഴുതിവെച്ചപ്പോൾ, ദരിദ്രനെ ദരിദ്രനാക്കി നിലനിർത്താൻ ശ്രമിക്കുന്ന തത്ത്വശാസ്ത്രം അതേതായാലും അതിന്മേൽ കാർക്കിച്ചുതുപ്പിക്കൊണ്ട് നിസ്വനായ മനുഷ്യനെ വാരിപ്പുണരാൻ പോന്ന ധീരത ഇടശ്ശേരി പ്രകടിപ്പിച്ചിട്ടുണ്ട്. "ഉണ്ണിക്കൃഷ്ണനോട്" എന്ന കവിതയിൽ വളരെ സൂക്ഷ്മവും സ്പഷ്ടവുമായി തന്റെ ഭക്തിവിശ്വാസങ്ങളുടെ നിലപാടും ഇടശ്ശേരി ഇങ്ങിനെ വ്യക്തമാക്കുന്നുണ്ട്.

"കടവേരു കിളയ്ക്കട്ടേ
കഷായത്തിന്നു യോഗികൾ
നീലക്കരിമ്പേ നിൻ തണ്ടാ-
ണരോഗനിവനുത്തമം"

കൃഷ്ണസങ്കല്പത്തിന്റെ ഭൗതിക ജീവിതമാകുന്ന തണ്ടിനെ (നീലക്കരിമ്പിനെ) സ്വീകരിച്ചുകൊണ്ട് വേദാന്തമൂലമായ അതിന്റെ കടവേരുകൾ യോഗികൾക്ക് കഷായത്തിനായി വിട്ടുകൊടുക്കുന്ന കവി. ഈ നീലക്കരിമ്പിന്റെ ചാറത്രയും കുടിച്ചുതീർക്കാൻ മാത്രം താൻ അരോഗനാണെന്നുകൂടി പ്രഖ്യാപിക്കുമ്പോൾ "യോഗി" ശബ്ദത്തിന് കവിതയിൽ "രോഗി" എന്നുകൂടി അർഥം സിദ്ധിക്കുന്നു. ഇവിടെ ജീവിതത്തിന്റെ നൈതികതതന്നെയാണ് കവിയുടെ ആത്മീയത. ആത്മീയ ദർശനങ്ങൾ വിഷമയമായി നീലച്ചുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ കൂടുതൽ ആഴത്തിൽ വായിക്കപ്പെടേണ്ടതാണ്. "ഉണ്ണികൃഷ്ണനോട്" എന്ന കവിത.

"പോയാൽ പൊയ്ക്കൊൾക ഗോവിന്ദാ
നിന്നെത്തേടിവരുന്നതാർ?"

"നിനക്കാമോ പഠിപ്പിയ്ക്കാൻ
പുൽകളെ കള്ളമോതുവാൻ?"

എന്ന്, കള്ളംപറയുന്ന ഗോവിന്ദനിൽ നിന്ന്, ദൈവത്തിനുപോലും കള്ളം പഠിപ്പിയ്ക്കാനാവാത്ത പുല്ലുകളുടെ നിസ്വതയിലേക്ക് കടന്നുപോയ കവിയാണ് ഇടശ്ശേരി.

"നിനക്കാവില്ലൊളിയ്ക്കാനീ
പ്രപഞ്ചക്കാട്ടുചോലയിൽ
തൊട്ടാൽ തൊട്ടതു നീലയ്ക്കും
നീലക്കല്ലാക കാരണം"

എന്ന് കൃഷ്ണസത്യത്തെ അഗാധമായൊരു പ്രകൃതി പ്രതിഭാസമാക്കി പരിവർത്തിപ്പിയ്ക്കുകയും ചെയ്യുന്നുണ്ട് കവി. ഈ പ്രകൃതി ദൈവസൃഷ്ടമല്ല. മനുഷ്യസൃഷ്ടമായ ഒരു സമാന്തര പ്രകൃതിയാണ്. ഭൂപ്രകൃതിയും മനുഷ്യപ്രകൃതിയും ഒന്നു ചേർന്നുരുത്തിരിയുന്ന ഒരു ജീവപ്രകൃതി. ഒരു പുതിയ സർഗാത്മക സൃഷ്ടി. അസാധാരണമായ ഈ പ്രപഞ്ചൈക്യബോധം "അമ്പാടിയിലേയ്ക്കു വീണ്ടും" എന്ന കവിതയിൽ അതിനവീനമായൊരു കാവ്യഭാവുകത്വം വികസിപ്പിച്ചിരിയ്ക്കുന്നതുകാണാം. അക്രൂരനോടൊപ്പം അമ്പാടിയിലേയ്ക്ക് തിരിച്ചുവരുന്ന ശ്രീകൃഷ്ണനെപ്പറ്റി കൃഷ്ണന്റെ പഴയ രാസക്രീഡാസഖിമാരായിരുന്ന ഗോപികമാർ പറയുന്നു.

"രാവിൻ ഛായകൾ, കാളിന്ദീജല-
കാളിമ, കാട്ടിൻ പച്ചപ്പും
ഞങ്ങൾക്കഭിമത ചേല, സചേലകൾ
ഞങ്ങളെയറിയില്ലിദ്ദേഹം"

രാവിൻ ഛായകളും കാളിന്ദീജലകാളിമയും ആയ ചേലകളല്ലാതെ "സചേല"കളെ കൃഷ്ണനറിയില്ല എന്ന് ഗോപികമാർ പറയുമ്പോൾ മനുഷ്യനും ദൈവവും തമ്മിലുള്ള അഗാധമായൊരു നൈതികസംഘർഷം സംഗതമാവുന്നു. ഇത് രാസക്രീഡയുടെ അർത്ഥാന്തരന്യാസത്തിൽ ഒതുക്കാവുന്ന ദർശനമല്ല. ദൈവദർശനങ്ങളുടെ ആത്മീയ പാരതന്ത്ര്യത്തിൽ നിന്ന് മനുഷ്യ ജീവിതത്തിന്റെ മഹാസ്വാതന്ത്ര്യത്തിലേയ്ക്കു തേരുതെളിച്ചുപോവുന്നവനാണ് ഇടശ്ശേരി എന്ന കവി. ഭൗതിക വിഘ്നാ

തങ്ങളുടെയും ആന്തര നിരോധങ്ങളുടെയും നിത്യസംഘർഷങ്ങളാൽ കുണ്ടും കുഴിയും നിറഞ്ഞ തന്റെ ജീവിതപ്പാതയെ അതിലംഘിച്ചു മുന്നേറുമ്പോൾ അജയ്യമായ ഇച്ഛാബലത്തോടെ അദ്ദേഹം ഇങ്ങനെ വിളിച്ചുപറയും.

"എനിയ്ക്കു രസമീ നിമ്നോന്നതമാം
വഴിയ്ക്കുതേരുരുൾ പായിയ്ക്കൽ.
ഇതേതിരുൾക്കുഴിമേലുരുളട്ടേ
വിടില്ല ഞാനീ രശ്മികളെ"

ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളോട് നിരന്തരം മല്ലിട്ടു മുന്നേറിയ ഒരു പഴയ ഗ്രാമീണ മലയാളിയുടെ നീക്കുപോക്കില്ലാത്ത സത്യദർശനമാണിത്.

"ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാ-
തെന്തിനു ജീവിത പലഹാരം" എന്ന് കണ്ണുനീരിന്റെ സൗന്ദര്യത്തെ പുണർന്നു നിന്നപ്പോഴും കവി പതിതലക്ഷങ്ങളുടെ വിമോചനത്തിനും നവലോകസൃഷ്ടിക്കും വേണ്ടി കൂട്ടുകൃഷി ചെയ്യാനിറങ്ങി. ഉപഭോഗാധിഷ്ഠിതമായ സമൂഹത്തിനു പകരം ഉത്പാദനാധിഷ്ഠിതമായ സമൂഹം സൃഷ്ടിക്കുന്ന പണിയെടുക്കുന്ന മനുഷ്യരുടെ കൂട്ടായ്മയായിരുന്നു അത്. ഗ്രാമീണ കർഷകന്റെ പരിപക്വമായ നീതിബോധവും ഇച്ഛാബലവും അതിന് ഊടും പാവും നെയ്തു.

"മാപ്പിളേ നീയെന്നലവിയെങ്കിൽ
തോളിൽക്കയ്യിട്ടുനടന്നുകൊള്ളൂ.
കാഫിറെന്നെന്നെ വിളിച്ചുകൊള്ളൂ
കാതുകുത്താതെ കഴിഞ്ഞുകൊള്ളൂ.
നൂറുശതമാനം മുസ്ലീം ധർമ്മ-
ക്കൂറും പെരുമയും വെച്ചു പോറ്റൂ
നമ്മൾക്കു മുമ്പോട്ടു മുമ്പോട്ടു പോയ്
നന്മയോ തിന്മയോ നേടാമൊപ്പം
കൂറും പൊരുത്തവുമൊത്ത നമ്മൾ
തോളിൽക്കയ്യിട്ടേ നടന്നു കൂടൂ."
(ഇസ്ലാമിലെ വൻമല)

എന്ന്, മതവിഭജനങ്ങൾക്കപ്പുറത്തേയ്ക്കു നീണ്ടുപടരുന്ന ആഴമേറിയ സഹിഷ്ണുതയും സാഹോദര്യവും ആ "കൂട്ടുകൃഷി"യുടെ തളരാത്ത ഇച്ഛാബലമായി. ഇടവരമ്പുകളെല്ലാം കൊത്തിമാറ്റിയ കൃഷിനിലത്ത് തടസ്സങ്ങളൊന്നുമില്ലാത്ത നന്മയുടെ നീരൊഴുക്കു പടരുമെന്നും മർത്ത്യസാഹോദര്യത്തിന്റെ നൂറുമേനി വിളയുമെന്നും കവിയുടെ "കൂട്ടുകൃഷി" സ്വപ്നം കണ്ടു. ദൈവരാജ്യങ്ങളെയെല്ലാം അതിലംഘിച്ചുകൊണ്ട് ചെറിയ ചെറിയ മനുഷ്യർ പണിയുന്ന ഈ "ഏകലോക" സൃഷ്ടിയുടെ അജയ്യമായ ഇച്ഛാബലത്തെ തൊട്ടറിഞ്ഞുകൊണ്ടാണ്, എം. ഗോവിന്ദൻ "ഒരു പൊന്നാനിക്കാരന്റെ മനോരാജ്യ"ത്തിൽ ഇങ്ങനെയെഴുതിയത്:

"മർത്ത്യനെ അവന്റേതാം മാർഗ്ഗത്തിൽ ചേർക്കാനായി
പുത്തനാമൊരുപള്ളി തീർക്കാമോ പൊന്നാനിയിൽ?
പാറമേലല്ല പൊള്ളുമാ മണൽക്കാട്ടിലല്ല,
മാളികപ്പുറത്തല്ല, മാനവ ഹൃദയത്തിൽ.
മതമല്ലല്ലോ മാൺപു മുണ്മയും മനുഷ്യന്റെ
ഹിതമേ, വിവേകമേ നീ വിധി കർത്താവിനി.
പൂജയും "കൂദാശയുമീമാനും പുതുക്കുക.
പൂത ജീവിതത്തിന്റെ പുത്തരിയങ്കം വെട്ടി.
................
ആരെ നാമേല്പിയ്ക്കുമീ കാര്യങ്ങൾ; ഇടശ്ശേരി -
ഗോവിന്ദൻ നായരില്ലേ ഈഴവത്തുരുത്തിയിൽ?
സങ്കടഹരജിയായല്ലാഹു ഹാജരായി-
ച്ചെന്നാലോ; "കൂട്ടായ് കൃഷിചെയ്തൂടേ ദുനിയാവിൽ?"

മനുഷ്യരോടൊപ്പം ദുനിയാവിൽ കൂട്ടായി കൃഷിചെയ്യാൻ ദൈവത്തെക്കൂടി ക്ഷണിയ്ക്കുന്ന ഈ ഇച്ഛാബലം മലയാളത്തിൽ ഇടശ്ശേരിയിലേ സർഗ്ഗാത്മകസമനിലയാർന്നു പ്രകാശിച്ചിട്ടുള്ളു.

ഇത്രമാത്രം സത്യസന്ധതയോടെയും ആർജ്ജവത്തോടെയും അതു ദർശിക്കുവാൻ എം.ഗോവിന്ദനേ സാദ്ധ്യമാവുകയുള്ളു. കാരണം, മലയാളത്തിന്റെ സംസ്കാരപ്രവാഹമായ ഒരു മഹാനദിയുടെ ഇരുകരകളിൽ, കുറ്റിപ്പുറം കടവിന്റെ അക്കരെയിക്കരെ, പിറന്ന ഈ ഗോവിന്ദന്മാർ നദികളേക്കാൾ ആഴത്തിൽ പരസ്പരം അറിഞ്ഞവരും ആരാധിച്ചവരും ആയിരുന്നു. പ്രവാചകമനസ്സാർന്ന്,

കടവുകളേയും കാലങ്ങളേയും കടന്നുകണ്ടവർ. (നിളയുടെ കുറ്റിപ്പുറംകരയിൽ നൊട്ടനാലുക്കലാണ് ഇടശ്ശേരി പിറന്നത്; അക്കരെ കൂരടക്കുന്നിൽ എം. ഗോവിന്ദനും). ഈ രണ്ടു ക്രാന്തദർശികളുടെ സ്ഥലകാലരാശികളെ ബന്ധിപ്പിച്ചുകൊണ്ട് പിന്നീട് കുറ്റിപ്പുറം കടവിൽ പരിഷ്കൃത നാഗരികതയുടെ പാലം വന്നു. തീരങ്ങളിൽ യന്ത്രങ്ങളും നഗരജീവിതപ്പുകയും നിറഞ്ഞു. പാലത്തിനടിയിലൂടെ, പുഴയിൽ ഒരുപാടു കാലങ്ങൾ ഒലിച്ചുപോയി. പാലത്തിനു മുകളിൽനിന്ന് വർഷങ്ങൾക്കുമുൻപ് ഇടശ്ശേരി ചോദിച്ച ചോദ്യം പക്ഷേ, ഇപ്പോഴും ബാക്കിയാണ്.

“കളിയും ചിരിയും കരച്ചിലുമായ്-
ക്കഴിയും നരനൊരു യന്ത്രമായാൽ
അംബ, പേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കുചാലായ്?”
(കുറ്റിപ്പുറം പാലം)

നഗരവേഗങ്ങളും വർഗ്ഗീയവിഷയങ്ങളും നമ്മുടെ ജീവിത പ്രവാഹത്തെ മുഴുവൻ അഴുക്കുചാലാക്കി മാറ്റും മൂൻപ്, ഇച്ഛാശക്തിയുടെ ഇടശ്ശേരിപ്പാലത്തിന്മേൽ നിന്ന് ഒരിയ്ക്കൽക്കൂടി ജീവിത വേഗങ്ങളെ നോക്കിക്കാണുക. നമ്മുടെ സംസ്കാര പ്രവാഹമായ തായ് നദിയിലെ ഓളവും ഒഴുക്കും നിലയ്ക്കുന്നത് വരാനിരിയ്ക്കുന്നൊരു മഹാവിപത്തിന്റെ സൂക്ഷ്മമായ സൂചനയും മുന്നറിയിപ്പുമാണെന്നറിയുക. നന്മനിറഞ്ഞമാനവികതയിൽ, ഒരു നവലോകസൃഷ്ടിയ്ക്കുള്ള ഇച്ഛാശക്തിവീണ്ടും ഇടശ്ശേരി നമുക്ക് നൽകും.

(മാതൃഭൂമി വാരിക 1998 ഒക്ടോബർ 11)